2. പ്രസരണ മേഖല

സബ് സ്റ്റേഷനുകൾ

| | | | |
|---|---|---|---|
| 1. | 110 കെ. വി. | - | 7 എണ്ണം |
| 2. | 33 കെ. വി. | - | 7 എണ്ണം |

ലൈനുകൾ

| | | | |
|---|---|---|---|
| 1. | 110 കെ. വി. | - | 36. 4 സർക്യൂട്ട് കിലോമീറ്റർ |
| 2. | 66 കെ. വി. | - | 44. 4 സർക്യൂട്ട് കിലോമീറ്റർ |
| 3. | 33 കെ. വി. | - | 115.75 സർക്യൂട്ട് കിലോമീറ്റർ |

3. വിതരണ മേഖല

| | | | |
|---|---|---|---|
| 1. | സർവ്വീസ് കണക്ഷനുകൾ | - | 3,55,524 എണ്ണം |
| 2. | 11 കെ. വി. ലൈൻ | - | 608.923 കിലോമീറ്റർ |
| 3. | എൽ.റ്റി. ലൈൻ | - | 3478.41 കിലോമീറ്റർ |
| 4. | ട്രാൻസ്ഫോർമർ | - | 835 എണ്ണം |
| 5. | സ്ട്രീറ്റ് ലൈറ്റുകൾ | - | 27,968 എണ്ണം |

(ഡി) ഇത് പ്രതീക്ഷിച്ച ചെലവിന്റെ 80.70 ശതമാനവും നേട്ടങ്ങളുടെ 80 ശതമാനവും വരും.

## ഗിരിജനങ്ങൾക്കുള്ള പരിരക്ഷകൾ

11 (*678) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. കെ. മണി :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലത്ത് വനപ്രദേശങ്ങളിൽ അധിവസിക്കുന്ന ഗിരിജനങ്ങൾക്ക് എന്തെല്ലാം വിധത്തിലുള്ള പരിരക്ഷകളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

(ബി) ഇതിനുവേണ്ടി ബഡ്ജറ്റിൽ തുക പ്രത്യേകമായി അനുവദിക്കാറുണ്ടോ ;

(സി) മഴക്കാലത്ത് ഗിരിജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി അവർക്ക് ഭക്ഷണം വൈദ്യശുശ്രൂഷ, വസ്ത്രം, എന്നിവയ്ക്കുവേണ്ടി ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികജാതിവർഗ്ഗക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) മഴക്കാലത്ത് പട്ടികവർഗ്ഗക്കാർക്കിടയിലുണ്ടാകുന്ന തൊഴിലില്ലായ്മയും പട്ടിണിയും ഒഴിവാക്കുക എന്ന ഉദ്ദേശത്തോടുകൂടി 'ഫുഡ്സപ്പോർട്ട് പ്രോഗ്രാം', ഗ്രെയ്ൽ ബാങ്ക് സ്കീം, ഫുഡ് ഫോർ വർക്ക് പ്രോഗ്രാം എന്നിവ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത അവസരങ്ങളിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ പട്ടിണി മരണം ഇല്ലാതാക്കാൻ സൗജന്യറേഷൻ അനുവദിച്ചു നൽകാറുണ്ട്. നിലവിലുള്ള ആയുർവേദ, അലോപ്പതി ചികിത്സാ സംവിധാനങ്ങൾക്കുപുറമേ മഴക്കാലത്ത് പ്രത്യേകമായി മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട് മഴക്കാലങ്ങളിൽ പകർച്ചവ്യാധികൾ ഉണ്ടാകാതിരിക്കാൻ മൊബൈൽ ക്ലിനിക്കുകളുടെ സേവനം ഉപയോഗപ്പെടുത്തി. അതോടൊപ്പം പരിസരശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യാറുണ്ട്.

(ബി) ഉണ്ട്.

(സി) ഈ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

**ചെമ്മീൻ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപടി**

**12 (*679)** ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെമ്മീൻ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ചെമ്മീൻ കുഞ്ഞുങ്ങൾ രോഗവിമുക്തമാണെന്ന് ഉറപ്പു വരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഇതിനായി പി.ഡി.ആർ. പരിശോധനാ കേന്ദ്രങ്ങൾ വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) കർഷകർക്ക് താങ്ങാവുന്ന നിരക്കിൽ പരിശോധനാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.



LIBRARY ARCHIVES Kerala Legislative Assembly